# ചട്ടമ്പിസ്വാമികളുടെ ജ്ഞാനനവോത്ഥാനം

## ശ്രീനാഥൻ. എം



മലയാളത്തിലെ ധൈഷണിക-ആത്മീയപാരമ്പര്യത്തിലെ ബലിഷ്ഠവും ജ്വലിതവുമായ കണ്ണിയാണ് ചട്ടമ്പിസ്വാമികൾ. ധീരമായ സ്വതന്ത്രചിന്തയുടെ ശുദ്ധവായുകൊണ്ട് മലയാള വൈജ്ഞാനിക ചരിത്രത്തെ പവിത്രവും ഉദാത്തവുമാക്കുന്നതിൽ അദൃഷ്ടപൂർവമായ വിജയം നേടിയ വ്യക്തികൂടിയാണ് ചട്ടമ്പിസ്വാമികൾ. അദ്ദേഹത്തിന്റെ ലഭ്യമായിടത്തോളം കൃതികളെ പാഠവിമർശം ചെയ്ത് തയാറാക്കിയ ഗ്രന്ഥമാണ് 'ചട്ടമ്പിസ്വാമികളുടെ ജ്ഞാനനവോത്ഥാനം'. അധ്യാപകനും ഗ്രന്ഥകാരനും എഴുത്തുകാരനും ഭാഷാ ശാസ്ത്ര വിദഗ്ദ്ധനുമായ ശ്രീനാഥൻ. എം രചിച്ച ഈ പ്രൗഢഗ്രന്ഥം സഹൃദയരായ വായനക്കാർ സമക്ഷം സസന്തോഷം സമർപ്പിക്കുന്നു.


കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്

ISBN 978-93-91328-51-1
9 789391 328511
SIL 5068
₹ 130

ചട്ടമ്പിസ്വാമികളുടെ ജ്ഞാനനവോത്ഥാനം
ശ്രീനാഥൻ. എം

370

ചട്ടമ്പിസ്വാമികളുടെ ജ്ഞാനനവോത്ഥാനം



ശ്രീനാഥൻ. എം

2165

Library stamp: College Of Avian Sciences & Management, LIBRARY, KVASU Thiruvazhamkunnu

COLLEGE OF AVIAN SCIENCES & MANAGEMENT
KVASU CAMPUS, THIRUVAZHAMKUNNU

Acc. No. 2165 Call No.

This book should be returned on or before the date last given below.

| | | |
|---|---|---|
| | | |

Malayalam
CHATTAMBI SWAMIKALUDE
NJANA NAVOTDHANAM

by
Sreenathan M.

First Published : Septermber 2021

Typeset at
SIL-DTP Section
Thiruvananthapuram

Printed at
Vijnanamudranam Press
Thiruvananathapuram-695 003

Published by
The State Institute of Languages
Kerala, Thiruvananthapuram-695 003
☎ 0471-2316306,2314768

© The State Institute of Languages, Kerala
Thiruvananthapuram - 2021

Copies : 500

SIL / 5068
Price ₹. 130/-
ISBN 978-93-91328-51-1

Published by the State Institute of Languages, Kerala, Thiruvananthapuram, under the scheme for production of text books and literature in regional languages, at the University level, sponsored by the Commission for Scientific and Technical Terminology, Ministry of Human Resource Development (Department of Secondary and Higher Higher Education) Government of India, New Delhi.

FT / 3053

# ചട്ടമ്പിസ്വാമികളുടെ ജ്ഞാന നവോത്ഥാനം

ശ്രീനാഥൻ എം.

കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്
തിരുവനന്തപുരം

| | | |
|---|---|---|
| ജനറൽ എഡിറ്റർ | : | പ്രൊഫ. വി. കാർത്തികേയൻ നായർ |
| എഡിറ്റർ | : | ശ്രീകല ചിങ്ങോലി |
| കവർ ഡിസൈൻ | : | അരുൺ ഗോകുൽ |
| General Editor | : | Prof. V. Karthikeyan Nair |
| Editor | : | Sreekala Chingoli |
| Cover Design | : | Arun Gokul |


# ആമുഖം

സാമൂഹിക പരിഷ്കരണ പ്രസ്ഥാനവും നവോത്ഥാന പ്രസ്ഥാനവും ഒന്നാണെന്ന തരത്തിൽ ചില പണ്ഡിതന്മാർ നിരീക്ഷിക്കുകയും രാഷ്ട്രീയപ്രവർത്തകർ അതേറ്റെടുക്കുകയും ചെയ്തതോടുകൂടി കേരളത്തെ പ്രബുദ്ധതയിലേക്കു നയിച്ച നവോത്ഥാനനായകരെ ശരിയാംവണ്ണം വിലയിരുത്തുന്നതിന് കഴിയാതെ പോയി. യുക്തിചിന്തക്കും വിമർശനബുദ്ധിക്കും മാനവികതയ്ക്കും പ്രാമാണികത്വം നൽകിയ ചിന്തകരെപ്പോലും ആത്മീയതയുടെ പുറന്തോടിലൊളിപ്പിച്ച് സംഘടനാ നേതാക്കൾ ബിംബങ്ങളായി മാറ്റിയപ്പോൾ നവോത്ഥാനത്തിന്റെ സന്ദേശത്തിന് ദിശാമാറ്റം സംഭവിച്ചു. ഒരു ജാതി ഒരു മതം ഒരു ദേവം എന്ന് ശ്രീനാരായണഗുരു പറഞ്ഞപ്പോൾ അത് മനുഷ്യജാതിയെപ്പറ്റിയാണെന്ന് തിരിച്ചറിയാതെ ജാതിവ്യവസ്ഥയിലെ ഒരു വിഭാഗമാണെന്ന വിശ്വാസത്തിൽ ഗുരുവചനങ്ങൾക്ക് അർഥലോപം സംഭവിക്കാനിടയായി. അതുകാരണം ഗുരു മുന്നോട്ടുവച്ച നവോത്ഥാനാശയങ്ങളെ ജനങ്ങളിലെത്തിക്കുന്നതിൽ ജാഗ്രതക്കുറവുണ്ടായി.

ഇതിനേക്കാൾ ഗൗരവമേറിയതായിരുന്നു ചട്ടമ്പിസ്വാമികളെ വിലയിരുത്തുന്നതിലും സംഭവിച്ചത്. ക്രൈസ്തവ മിഷണറിമാരും കൊളോണിയൽ ഭരണവും ചേർന്നാണ് കേരളത്തിൽ ആധുനികതയെ നിർമിച്ചതെന്ന അക്കാദമിക പണ്ഡിതന്മാരുടെ നിരീക്ഷണം ഭാഗികമായിട്ടുമാത്രമെ ശരിയാവുകയുള്ളൂവെന്ന് ചട്ടമ്പികൃതികളെ പുനർവായനക്കു വിധേയമാക്കുമ്പോൾ മനസ്സിലാകും. വിശ്വാസങ്ങളും ആചാരങ്ങളും ആധിപത്യം സ്ഥാപിച്ചിട്ടുള്ള ഒരു സമൂഹത്തിൽ ചിന്തക്കു സ്ഥാനമില്ല. വിശ്വാസികൾ ചിന്തിക്കാൻ തുടങ്ങിയാൽ വിശ്വാസങ്ങൾക്ക് വിള്ളലേൽക്കും. നൂറ്റാണ്ടുകൾ പഴക്കമുള്ള വിശ്വാസമായിരുന്നു കേരളോല്പത്തിയെപ്പറ്റിയുള്ള പരശുരാമകഥ. അതിനെ പിച്ചിച്ചീന്തിയ പാഠവിമർശനമായിരുന്നു ചട്ടമ്പിസ്വാമികളുടെ 'പ്രാചീനമലയാളം'. പ്രപഞ്ചകേന്ദ്രം ഭൂമിയാണെന്ന ടോളമിയുടെ സിദ്ധാന്തത്തെ വെല്ലുവിളിച്ച കോപ്പർനിക്കസ്സിന്റെ സൗരയൂഥസിദ്ധാന്തത്തിനു സമാനമായ കൃത്യമാണ് കേരളോല്പത്തിയെ നിരാകരിക്കുന്നതിലൂടെ ചട്ടമ്പി ചെയ്തത്. സംസ്കൃതഭാഷയുടെ പൗരാണികത്വത്തെ വെല്ലുവിളിക്കുന്നതാണ് 'ആദിഭാഷ'. ഈ രണ്ടു കൃതികളിലൂടെ ബ്രാഹ്മണാധിപത്യത്തിന്റെ ധൈഷണികാടിത്തറയെ ചട്ടമ്പിസ്വാമികൾ ചോദ്യം ചെയ്യുകയായിരുന്നു. സ്ത്രീകൾക്ക് അടിമത്വം കല്പിച്ച മനുസ്മൃതിയെ വിമർശിച്ച ആദ്യത്തെ മലയാളിയും ചട്ടമ്പിസ്വാമിയായിരുന്നു.

ചട്ടമ്പിസ്വാമികളുടെ സമാധിക്കുശേഷമുള്ള ഒരു നൂറ്റാണ്ടിനിടക്ക് കേരളത്തിൽ നടന്ന ബൗദ്ധികവ്യായാമങ്ങളുടെ പശ്ചാത്തലത്തിൽ ശ്രീ. എം. ശ്രീനാഥൻ രചിച്ച കൃതിയാണ് "ചട്ടമ്പിസ്വാമികളുടെ ജ്ഞാനനവോത്ഥാനം". ചട്ടമ്പിസ്വാമികളുടെ

ലഭ്യമായേടത്തോളമുള്ള കൃതികളെ പാഠവിമർശനം ചെയ്ത് തയാറാക്കിയ ഈ കൃതി മലയാളത്തിലെ ഗവേഷണിക ചരിത്രരചനാ മേഖലയിലെ ശ്രദ്ധേയമായ ഒരു സംഭാവനയാണ്. വിശ്വാസത്തിന് പ്രാമാണികത്വം കല്പിക്കുകയും വിമർശനത്തിന് പതിത്വം കല്പിക്കുകയും ചെയ്യുന്ന വർത്തമാനകാല സാഹചര്യത്തിൽ ഈ കൃതിക്ക് വളരെ പ്രസക്തിയുണ്ട്.

ഏറെ സന്തോഷത്തോടുകൂടി ഈ കൃതി വായനക്കാർക്കായി സമർപ്പിക്കുന്നു.

പ്രൊഫ. വി. കാർത്തികേയൻ നായർ
ശ്രീകല ചിങ്ങോലി

തിരുവനന്തപുരം
ഫെബ്രുവരി 2020

## അവതാരിക

# സ്വതന്ത്രചിന്തയുടെ ശുദ്ധവായു

കെ. ജയകുമാർ

വ്യത്യസ്ത സന്ദർഭങ്ങളിൽ വിഭിന്ന ലക്ഷ്യങ്ങളോടെ വ്യവഹരിക്കപ്പെടുന്ന ഒന്നാണല്ലോ നവോത്ഥാനം. ആധുനിക കേരളത്തിന്റെ പിറവിക്കു കാരണമായ പരിഷ്കരണത്തിന്റെയും സാമൂഹികവും മതപരവും രാഷ്ട്രീയവുമായ തിരുത്തലുകളുടേയും പരിസരമാണ് നവോത്ഥാനത്തിന്റെ സൂചിതം. മധ്യകാലങ്ങളിൽ ഉടലെടുത്ത ആചാരവിശ്വാസങ്ങളും മതപരമായ ശാസനങ്ങളും ബ്രാഹ്മണാധിപത്യത്തിന്റെ കൊടിക്കൂറ പാറിച്ചുകൊണ്ടു കേരളസമൂഹത്തെ വരുതിയിൽ നിറുത്തിയിരുന്ന ചിന്താപരമായ പാരതന്ത്ര്യത്തിൽ നിന്നുള്ള ഉണർവായിരുന്നു അത്. ബഹുതല സ്പർശിയായ ആ ചലനത്തിന് അനേകം ചൈതന്യധാരകൾ ഹേതുവായി. ശ്രീ നാരായണ ഗുരുവിന്റെ ആധ്യാത്മികവും സാമൂഹികവുമായ നിലപാടുകളും കർമ ധീരതയും അവയിൽ പ്രമുഖസ്ഥാനം വഹിക്കുന്നുവെന്നതിനു പക്ഷാന്തരമില്ല. ജാതിപരിഷ്കരണവും അനാചാരധ്വംസനവും, ആചാരനവീകരണവും, മതനിരാസവും, ചിലപ്പോൾ പുതുമതസ്വീകാര്യതയുമെല്ലാം കേരളത്തിന്റെ ആ പരിവർത്തനദശയെ അടയാളപ്പെടുത്തുന്നുണ്ട്. മിഷനറിമാരുടെ നേതൃത്വത്തിൽ ഇവിടെ ആരംഭിച്ച പൊതുവിദ്യാഭ്യാസ പ്രവർത്തനങ്ങൾ സമുദായ സംഘടനകൾക്ക് അനുകരണീയ മാതൃകകൾ സൃഷ്ടിക്കുകയും, പിൽക്കാലത്തു വലിയൊരു വിദ്യാഭ്യാസവിപ്ലവത്തിനു നാന്ദി കുറിക്കുകയും ചെയ്തു. അയ്യങ്കാളി, സഹോദരൻ അയ്യപ്പൻ, പൊയ്കയിൽ അപ്പച്ചൻ, വാഗ്ഭടാനന്ദൻ എന്നിവരും നവോത്ഥാനത്തിന്റെ നാമാവലിയിൽ ഇടം നേടുന്നു. ശ്രീ നാരായണഗുരുവിന്റെ ആധ്യാത്മിക നവീകരണത്തിനു അടിത്തറ പാകിയ ആത്മീയ പരിസരം തെക്കൻ കേരളത്തിൽ നിലനിന്നു എന്ന വസ്തുതയും കാണാതിരുന്നുകൂടാ. വൈകുണ്ഠ സ്വാമികളും അയ്യാഗുരുക്കളും ഈ പരിഷ്കരണത്തിന്റെയും ആത്മീയതുല്യതയുടെയും ബ്രാഹ്മണേതരമായ അടിത്തറ പാകിയിരുന്നു. ശ്രീ നാരായണഗുരുവിന്റെ സമകാലികനും സതീർഥ്യനും ഒരളവിൽ ഗുരുസ്ഥാനീയനുമായിരുന്ന ചട്ടമ്പി സ്വാമികൾ ഉല്പതിഷ്ണുമായ ഈ ആത്മീയ കാലാവസ്ഥയിലാണ് തന്റെ ജ്ഞാനവിപ്ലവം കരുപ്പിടിപ്പിക്കുന്നത്.

നാമിന്ന് അഭിമാനിക്കുന്ന നവവിദ്യാഭ്യാസസംസ്കാരവും രാഷ്ട്രീയ അവബോധവും മതേതര സ്വഭാവത്തിൽ അധിഷ്ഠിതമായ സാമൂഹ്യമൂല്യങ്ങളും കേരളത്തെ ഒരു ആധുനിക സമൂഹമാക്കിയെന്നു സമ്മതിക്കുമ്പോഴും, എന്താണ് ആ ആധുനികതയുടെ

അനായാസം സാധിച്ചു. സ്വാമികളുടെ പ്രധാന കൃതികളിൽ 'ദ്രാവിഡീയമായ ഒരു ശൈവനോട്ടം' കാണാമെന്ന ഗ്രന്ഥകാരന്റെ നിഗമനവും ഏറെ പ്രസക്തം. 'ജ്ഞാനത്തിലൂടെ മോക്ഷം' എന്ന ആശയസമുച്ചയം തന്റെ കൃതികളിലൂടെ കൃത്യമായി അവതരിപ്പിച്ച സ്വാമികൾ, പക്ഷേ അത് പ്രചരിപ്പിക്കുന്നത്തിനായി സ്ഥാപനങ്ങളോ സംഘടനയോ ആരംഭിക്കുന്നതയിൽ താൽപ്പര്യം കാട്ടിയതേയില്ല.

ഏറ്റവും ആകർഷകമായ മറ്റൊരു സംഗതി തന്റെ നിലപാടുകളും നിഗമനങ്ങളും സാധൂകരിക്കാനായി സ്വാമികൾ ഉപയോഗിക്കുന്ന തദ്ദേശീയമെങ്കിലും ആധുനികമെന്നു തന്നെ വിശഷിപ്പിക്കാവുന്ന ഗവേഷണരീതിശാസ്ത്രമാണ്. മികച്ച ഗവേഷകനും ഭാഷാശാസ്ത്രജ്ഞനുമായ ഡോ. ശ്രീനാഥൻ ഈ പുസ്തകത്തിൽ സ്വാമികളുടെ ഭാഷാപരവും രീതിശാസ്ത്രപരവുമായ സവിശേഷതകളെ തികഞ്ഞ ഉൾക്കാഴ്ചയോടെ അവതരിപ്പിച്ചിരിക്കുന്നു. ഗവേഷണമെന്നത് പാശ്ചാത്യ ആധുനികതയുടെ ഉൽപ്പന്നവും കുത്തകയുമാണെന്ന അക്കാദമിക് മുൻവിധിയെ പിടിച്ചുലയ്ക്കാൻ പോന്നതാണ് ഈ കണ്ടെത്തൽ..

മലയാളത്തിലെ ധൈഷണിക–ആത്മീയ പാരമ്പര്യത്തിലെ പ്രധാനപ്പെട്ടതും ബലിഷ്ഠവും തിളക്കമുള്ളതുമായ കണ്ണിയായി സ്വാമികളെ വിലയിരുത്തുന്നതയിൽ ഈ പുസ്തകം അദൃഷ്ടപൂർവമായ വിജയം നേടിയിരിക്കുന്നു. നമ്മുടെ നവോത്ഥാന പഠനങ്ങളിൽ പ്രത്യയശാസ്ത്ര മുക്തമായ ആശയസ്വാതന്ത്ര്യത്തോടെ ചട്ടമ്പി സ്വാമികളുടെ ജ്ഞാനനവോത്ഥാനത്തെ ആഴത്തിൽ അപഗ്രഥിക്കുന്ന ഈ ഗ്രന്ഥം മലയാളവൈജ്ഞാനിക ചരിത്രത്തിലെ വലിയൊരു വിടവാണു നികത്തുന്നത്. പുതിയ പഠനങ്ങൾക്കും ചിന്താപരമായ ഔൽസുക്യത്തിനും ഇത് വഴിയൊരുക്കും. ആഗോളവൽക്കരണവും പാശ്ചാത്യവൽക്കരണവുമാണ് എല്ലാ പ്രശ്നങ്ങൾക്കുമുള്ള പരിഹാരമെന്ന മൂഢചിന്തയ്ക്കെതിരെ ഉണരാനും മൂല്യവത്തായ ഈ കൃതി കേരളത്തെ പ്രേരിപ്പിക്കും. ഒപ്പം ചട്ടമ്പി സ്വാമികളെ വിശാലമായൊരു കാഴ്ചപ്പാടിൽ സമീപിക്കുന്നത്തിനും നൂതനമായ ഗവേഷണവഴികൾ തുറക്കുന്നതിനും ഈ പുസ്തകം പ്രചോദിപ്പിക്കും. ധൈഷണികമായ ആർജ്ജവം കൊണ്ടും, ധീരമായ സ്വാതന്ത്ര ചിന്തയുടെ ശുദ്ധവായുകൊണ്ടും, മുൻവിധികളിൽ നിന്നുള്ള ആശ്വാസപ്രദമായ മോചനം കൊണ്ടും മലയാള വൈജ്ഞാനികചരിത്രത്തിൽ പ്രതിഷ്ഠാപനം ചെയ്യപ്പെടേണ്ടതാണ് ജ്ഞാനനവോത്ഥാനത്തിൻറെ നായകനായ ചട്ടമ്പിസ്വാമികളെ സൂക്ഷ്മമായി അടയാളപ്പെടുത്തുന്ന ഈ പ്രകൃഷ്ട കൃതി.

# മുഖവുര

മലയാളത്തിനു നവോത്ഥാന വ്യവഹാരങ്ങളായി വിപുലമായ രേഖാസഞ്ചയമുണ്ട്. അവയിൽ സാമൂഹികപരിഷ്കരണത്തിന്റേതായ കർമവിപ്ലവ പാതക്കാണ് മുൻതൂക്കം. കൊളോണിയൽ ആധുനികത വെട്ടിത്തുറന്ന നവീന ആശയപാതക്കും സാമൂഹിക എഞ്ചിനീറിങ്ങിനും പാശ്ചാത്യ ലോകവീക്ഷണത്തിനും ഇംഗ്ലീഷ് ഭാഷക്കും നവോത്ഥാന വ്യവഹാരങ്ങളിൽ പ്രാതിനിധ്യമുണ്ട്. സമൂഹത്തെയും സംസ്കാരത്തെയും പുതുക്കി പണിഞ്ഞ നവോത്ഥാന പ്രക്രിയയിൽ പങ്കാളികളായ നവോത്ഥാന ശിൽപികൾ ഏറെയുണ്ട്. ഓരോരുത്തരുടെയും സംഭാവന വിലപ്പെട്ടതാണ്. നവോത്ഥാനത്തിൽ സമത്വത്തിന് മുൻതൂക്കം ഉണ്ടായിരുന്നെങ്കിലും പിൽക്കാലത്തു നവോത്ഥാന ശിൽപികളെ അക്ഷരലോകത്തു ശാശ്വതീകരിച്ചപ്പോൾ ചിലരെങ്കിലും അസമത്വം നേരിട്ടു. ആദ്യമേ സ്ഥാനമുറപ്പിച്ചവർ, വിട്ടുപോയവർ ,പിൽക്കാലത്തു കൂട്ടിച്ചേർക്കപെട്ടവർ, കൂട്ടിച്ചേർക്കപ്പെടേണ്ടവർ എന്നിങ്ങനെ വിവിധ രീതിയിൽ നവോത്ഥാന ശില്പികളുടെ സാന്നിധ്യം കാണാം. ഇതുവഴി തെളിയുന്നത്, നവോത്ഥാന ഗവേഷണം അപൂർണമാണെന്നും എന്നാൽ ഇന്നും സജീവമാണെന്നുമാണ്. കേരളത്തെ സംബന്ധിച്ചിടത്തോളം നവോത്ഥാന ശൂന്യമായ ഒരു അന്വേഷണവും സാധ്യമല്ല. ആധുനിക കേരളത്തിന്റെ സിരകളിലെല്ലാം നവോത്ഥാനത്തിന്റെ നാഡീസ്പന്ദനം ഉൾച്ചേർന്നിട്ടുണ്ട് . സാമൂഹിക മുന്നേറ്റത്തിന്റെ സാംസ്കാരിക രാഷ്ട്രീയ ആഖ്യാനമായി നവോത്ഥാനം വ്യവഹാരരൂപം കൈകൊണ്ടിരിക്കുന്നു.

ഈ പ്രാമാണികതയിൽ ശ്രദ്ധപതിയാതെപോയ ചിലതുണ്ടാവില്ലേ? അമിതമായി ഊന്നുന്ന ചിലതുണ്ടാവില്ലേ? എന്ന് സംശയിച്ചാലേ അങ്ങനെയെന്തെങ്കിലും ഉണ്ടെങ്കിലും അരിച്ചെടുക്കാനാവൂ.സാന്നിധ്യങ്ങൾ അസാന്നിധ്യങ്ങളെയും ഓർമിപ്പിക്കുന്നുണ്ടല്ലോ.അങ്ങനെ ചിന്തിച്ചാൽ, നവോത്ഥാന വ്യവഹാരങ്ങളിൽ വേണ്ടത്ര നോട്ടം പതിയാതെ, പോയതേതെന്ന് തിരയുമ്പോൾ തദ്ദേശീയ ജ്ഞാനാനവോത്ഥാനത്തിനാണ് എന്ന് തെളിയുന്നു. കൊളോണിയൽ ആധുനികത സൃഷ്ടിച്ച പാശ്ചാത്യവൈജ്ഞാനികതക്ക് ഊറ്റം ഏറെയാണ്. തദ്ദേശീയജ്ഞാനപദ്ധതികളെ വിസ്മരിച്ചുകൊണ്ട് പാശ്ചാത്യ വൈജ്ഞാനിക വ്യാപനം സാധ്യമാക്കാനായി എന്നത് കൊളോണിയൽ ആധുനികതയുടെ പ്രമുഖ നേട്ടമാണ്. നവോത്ഥാനത്തിന്റെ വീരഗാഥകളിൽ മങ്ങിപ്പോയ അടരാണ് തദ്ദേശീയ ജ്ഞാനവിപ്ലവം. അക്കാലത്തെ ധൈഷണിക പ്രവർത്തനങ്ങൾക്കെല്ലാം കൊളോണിയൽ ആധുനികതയുടെ മുഖമായിരുന്നുവെന്ന് വിശ്വസിച്ചു. പാശ്ചാത്യയുക്തി പകരം വച്ചുകൊണ്ട് നമ്മെ സംസ്കൃതരാക്കാനുള്ള പ്രോജെക്ടിലെവിടെയാണ് തദ്ദേശീയതക്കിടം. അതു

കൊണ്ടുതന്നെ തദ്ദേശീയ ജ്ഞാനപദ്ധതിയെ മാനിക്കാനും പരിഷ്കരിക്കാനും അതിന്റെ തുടർച്ച നിലനിറുത്താനും വലിയ താല്പര്യം ആരും പ്രകടിപ്പിച്ചുമില്ല. ഇതോടെ നവോത്ഥാനം പൂർണമായും കൊളോണിയൽ ആധുനികതക്കുള്ളിലായി. ഈ സന്ദർഭത്തിലാണ് ചട്ടമ്പിസ്വാമികൾ പ്രസക്തനാകുന്നത്. അദ്ദേഹം ബദൽ ആധുനികതയായി ഭാരതീയ ജ്ഞാനപദ്ധതികളെ തദ്ദേശീകരിച്ചു. പൗരസ്ത്യ യുക്തിയെ പാശ്ചാത്യ യുക്തിക്ക് പകരംവച്ചു. ജ്ഞാനത്തെ ബ്രാഹ്മണാധികാരത്തിൽ നിന്ന് അവർണീകരിച്ചു. ചുരുക്കത്തിൽ ജ്ഞാനനവോത്ഥാനത്തെ തദ്ദേശീയമായ ബദൽ ആധുനികതയാക്കി ഉയർത്തി. ഈ ധൈഷണികകർമത്തെ വേണ്ട രീതിയിൽ മനസ്സിലാക്കാനോ ഏറ്റെടുക്കാനോ കേരള സമൂഹത്തിന് അന്ന് കഴിയാതെപോയി. ഇന്നും സ്ഥിതി മറിച്ചല്ല. ഒരേസമയം ഭാരതീയ ജ്ഞാന ഉടമകളായ ബ്രാഹ്മണരോടും അധിനിവേശ ശക്തികളോടുമുള്ള പോരാട്ടം ചട്ടമ്പിസ്വാമികൾ ഉൾക്കൊണ്ടു. ജ്ഞാനപാത തിരഞ്ഞെടുത്ത ചട്ടമ്പിസ്വാമികൾ നടത്തിയ ഒറ്റയാൻ വിപ്ലവമാണ് ജ്ഞാന നവോത്ഥാനമായി ഈ കൃതിയിൽ അടയാളപ്പെടുത്തുന്നത്.

ഈ പഠനത്തിൽ അനവധി പേർ എനിക്ക് സഹായകമായിട്ടുണ്ട്. സുഹൃത്തായ ഡോ. എ.എം. ഉണ്ണികൃഷ്ണന്റെ നിരന്തര പ്രേരണ ഇതിനു പിന്നിലുണ്ട്; അദ്ദേഹത്തോടുള്ള കടപ്പാട് സവിശേഷമായി ഓർക്കുന്നു. ഈ പഠനത്തെ പുസ്തകരൂപത്തിലാക്കാൻ സഹപ്രവർത്തകനായ ഡോ. സി. സൈതലവി, ഗവേഷക വിദ്യാർഥിയായ സെൽവരാജ് ആർ എന്നിവരിൽനിന്നും എനിക്ക് ലഭിച്ച സഹായത്തിനും നന്ദി

കരട് പരിശോധിച്ച് നിർദേശങ്ങൾ നൽകിയ ഡോ. ദേശമംഗലം രാമകൃഷ്ണൻ സാറിനും ഈ പഠനത്തിന്റെ കാതലറിഞ്ഞു അവതാരിക എഴുതി തന്ന കെ. ജയകുമാർ സാറിനുമുള്ള പ്രത്യേക നന്ദി ആദരവോടെ അറിയിക്കുന്നു.

ചട്ടമ്പിസ്വാമികളുടെ ജ്ഞാന നവോത്ഥാനം എന്ന ഈ കൃതിയുടെ സമകാല പ്രാധാന്യം മനസിലാക്കി പ്രസിദ്ധീകരണത്തിന് മുൻകൈയെടുത്ത ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് ഡയറക്ടറും ചരിത്രകാരനുമായ പ്രൊ .കാർത്തികേയൻ നായർ സാറിനോടുമുള്ള നന്ദിയും ഈ സന്ദർഭത്തിൽ രേഖപെടുത്തുന്നു.

എം. ശ്രീനാഥൻ

ഏപ്രിൽ 2021

# ഉള്ളടക്കം


1. ജ്ഞനാധികാര അപനിർമിതിയും കേരള നവോത്ഥാനവും — 1
2. ചട്ടമ്പിസ്വാമികളും മലയാള ധൈഷണിക ചരിത്രവും — 10
3. ഭാഷാശാസ്ത്രജ്ഞനായ ചട്ടമ്പിസ്വാമികൾ — 20
4. ചട്ടമ്പിസ്വാമികളുടെ പുരാവൃത്തപഠനമാതൃക — 55
5. വേദാധികാരത്തിന്റെ മലയാളവഴി — 67
6. ക്രിസ്തുമതഛേദനം: മലയാളത്തിലെ ആദ്യ ഗദ്യപാഠനിരൂപണമാതൃക — 84
7. ചട്ടമ്പിസ്വാമികളും സ്ത്രീപക്ഷ ആധുനികതയും — 108
8. ജീവകാരുണ്യനിരൂപണം -അഹിംസാ മാനിഫെസ്റ്റോ — 124